| |
|---|
| ഗസറ്റ് തീയതി **09-07-2013**<br>അവസാനതീയതി **07-08-2013** |
| **Category No: 152/2013** |

**<u>എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ</u>**

**കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് പ്രസ്തുത സ്ഥാപനത്തിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനുവേണ്ടിയുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.**

1) **<u>യോഗ്യത</u>**

**i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം**

**ii) ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ approved probationer or full member ആയിരിക്കണം.**

**<u>പ്രായപരിധി</u>:- ബാധകമല്ല.**

**3). <u>പരീക്ഷ</u>:- ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.**

**4). <u>അപേക്ഷാ ഫീസ്</u>:- ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല**

**5) <u>അപേക്ഷ അയക്കേണ്ട രീതി</u>:- അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.**

**<u>കുറിപ്പ്</u>:- i) വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.**

**ii) അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ അസ്സൽ ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.**

**iii) കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.**

**6). <u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി</u> :- 07/08/2013 ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ.**